**Keraleeyam**

**Rs. 25/-** 2021 April Vol. 22 Issue 04

# ഭൂഅധികാര വനാവകാശ മാനിഫെസ്റ്റോ എന്തുകൊണ്ട്?

### ആദിവാസി– ദലിത് സംഘടനകൾ സംയുക്തമായി പ്രകാശനം ചെയ്ത മാനിഫെസ്റ്റോയിൽ നിന്നും

**കേരളം** കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ ഭൂപരിഷ്കരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം പാർശ്വവൽകൃതരുടെ ജീവിതം കൂടുതൽ ദുസ്സഹമാകുമെന്ന ആശങ്കയാണ് എങ്ങും. ആശങ്കൾക്ക് വ്യക്തമായ കാരണങ്ങളുമുണ്ട്. മാറിമാറി കേരളം ഭരിച്ച രാഷ്ട്രീയ മുന്നണികൾ സമൂഹത്തിലെ ഏറ്റവും പാർശ്വവൽകൃത ജനവിഭാഗമായ ആദിവാസികൾക്കും ദലിതർക്കും സമ്മാനിച്ചത് മുപ്പതിനായിരത്തിൽപരം പട്ടികജാതി–പട്ടികവർഗ്ഗ കോളനികളാണ്.

ഭൂരാഹിത്യം കൊണ്ട് പൊറുതിമുട്ടിയ കേരളത്തിലെ ആദിവാസികളും ദലിതരും മത്സ്യത്തൊഴിലാളികളും മറ്റു ഭൂരഹിത വിഭാഗങ്ങളും രണ്ടു പതിറ്റാണ്ടിലേറെ കാലമായി കൃഷിഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ഭൂസമരത്തിലാണ്. മുത്തങ്ങയും ചെങ്ങറയും അരിപ്പയും മുന്നോട്ടുവെക്കുന്ന ഭൂമിയുടെ രാഷ്ട്രീയത്തെ അഭിസംബോധന ചെയ്യാൻ ഭരണ പ്രതിപക്ഷഭേദമന്യേ രാഷ്ട്രീയപാർട്ടികൾ തയ്യാറാവുന്നില്ല. തൊഴിലാളി സംഘടനകളുടെ സഹായത്തോടുകൂടി കോർപ്പറേറ്റ് കമ്പനികൾ നൽകുന്ന മൂലധനത്തിന്റെ സൗകര്യങ്ങൾ കൈപ്പറ്റിയാണ് ലക്ഷകണക്കിന് വരുന്ന ഭൂരഹിത കുടുംബങ്ങളെ സർക്കാരുകളും മുന്നണികളും അവഗണിച്ചുവരുന്നത്.

ശബരിമല വിമാനത്താവളം നിർമ്മാണത്തിന്റെ പേരിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ നിയമവിരുദ്ധമായി ബിലീവേഴ്സ് ചർച്ച് ഡയറക്ടർ ബിഷപ്പ് കെ.പി. യോഹന്നാൻ മുറിച്ചുവിറ്റ 2,364 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റിന്റെ പോക്കുവരവ് റദ്ദാക്കി സർക്കാർ ഭൂമിയായി പ്രഖ്യാപിച്ചുവെങ്കിലും ഭൂമിയുടെ മാർക്കറ്റ് വില കെ.പി. യോഹന്നാന് നൽകി ഏറ്റെടുക്കാനുള്ള പദ്ധതിയാണ് സർക്കാർതലത്തിൽ തയ്യാറായി വരുന്നത്. എരുമേലിയിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് അഞ്ച് അന്വേഷണ കമ്മീഷനുകൾ നൽകിയ റിപ്പോർട്ട് നിലനിൽക്കുമ്പോഴും വിമാനത്താവളത്തിനായി ഭൂമി വിലകൊടുത്തു വാങ്ങാനുള്ള സർക്കാർ നീക്കം കേരള ജനതയോടുള്ള വെല്ലുവിളിയാകുന്നു. ഒരു വിദേശവ്യവസായിയുമായി ചേർന്ന് വിമാനത്താവളത്തിന്റെ മറവിൽ വലിയ ഭൂമി കുംഭകോണമാണ് തുടർഭരണം വാഗ്ദാനം ചെയ്യുന്ന ഇടതുസർക്കാർ ലക്ഷ്യം വെക്കുന്നത്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ഭൂരഹിത വിഭാഗങ്ങളെയും ദലിത്–ആദിവാസി–തോട്ടം തൊഴിലാളികളെയും ആകർഷിക്കുന്ന തലത്തിൽ വിദേശ–സ്വദേശ കമ്പനികൾ അനധികൃതമായി കൈവശം വെച്ചു വരുന്ന അഞ്ചരലക്ഷം ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തും എന്ന പ്രഖ്യാപനം മുന്നണികൾ അവരുടെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാവണമെന്നാണ് ഭൂഅവകാശ വനാവകാശ മാനിഫെസ്റ്റോ കാമ്പയിനിലൂടെ മുന്നോട്ടുവയ്ക്കന്നത്. അതോടൊപ്പം ദീർഘനാളത്തെ രക്തരൂക്ഷിതമായ പ്രക്ഷോഭത്തിലൂടെ നേടിയെടുത്ത 2006 ൽ യു.പി.എ സർക്കാരിന്റെ കാലത്ത് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വനാവകാശനിയമം 2006 അട്ടിമറിക്കുന്ന ഒരു ഉത്തരവ് ഇടതുസർക്കാർ 2020 ജൂൺ 2 ന് പുറത്തിറക്കിയിട്ടുണ്ട്. വനാവകാശനിയമപ്രകാരം ലഭിച്ച, ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് പാരമ്പര്യമായി തലമുറയ്ക്ക് കൈമാറാൻ അവകാശമുള്ള ഭൂമി, റവന്യൂ ഭൂമിയായി പരിവർത്തനപ്പെടുത്തി ഭൂമി കൈമാറ്റത്തിനും സർക്കാരിന് പിടിച്ചെടുക്കാനും അന്യാധീനപ്പെടുത്തുന്നതിനും വഴിതുറക്കുന്ന രീതി യിലാണ് പുതിയ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ആദിവാസി വിഭാഗത്തിലെ ചില സമ്പന്ന വിഭാഗങ്ങളുടെയും മുഖ്യമന്ത്രിയെ പിന്തുണയ്ക്കുന്ന നവോത്ഥാനസമിതിയിലെ ചില നേതാക്കളുടെയും സമ്മർദ്ദം കൊണ്ടാണ് ആദിവാസികളുടെ വനാവകാശം അട്ടിമറിക്കാൻ സർക്കാർ കൂട്ടുനിന്നത്. ആയത് പുനഃപരിശോധിക്കുകയും വനാവകാശ നിയമം അനുശാസിക്കുന്ന രീതിയിലുള്ള നിയമപരമായ നടപടികളുമായി മുന്നോട്ടുപോകാൻ ജനാധിപത്യസമൂഹം തയ്യാറാകണം.

കോൺഗ്രസ് സർക്കാർ 1996 ൽ ദേശീയതലത്തിൽ കൊണ്ടു വന്ന നിയമമാണ് PESA [Provisions of Panchayats (Extensions to the Scheduled Areas) Act, 1996). ഈ നിയമം കേരളത്തിലുൾപ്പെടെ നടപ്പിലാക്കാൻ പട്ടിക വർഗ്ഗമേഖലകൾ പ്രഖ്യപിക്കണ മെന്നത് ആദിവാസികളുടെ ആവശ്യമാണ്. 2014 ൽ യു.ഡി.എഫ്. സർക്കാർ അത് അംഗീകരിക്കുകയും 2,200 ൽ പരം ഊരുകൾ നിയമ ത്തിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാർ അത് അംഗീകരിച്ചെങ്കിലും പട്ടികവർഗ്ഗ മേഖലയിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ വിശദാംശം നൽകാനുള്ള കേന്ദ്രത്തിന്റെ ആവശ്യം ഇടതുപക്ഷ സർക്കാർ നിറവേറ്റിയില്ല. ആയതിനാൽ ആദിവാസികളുടെ ഭരണഘടനാ ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല. പ്രസ്തുത 'പെസ' നിയമം നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി മുന്നണികൾ പ്രഖ്യാപിക്കണം. ആദിവാസി പുനരധിവാസ മിഷൻ പുനരുജ്ജീവിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. ആദിവാസികളുടെ പുനരധിവാസത്തിന് കൈമാറിയ 19,000 ഏക്കർ ഭൂമി ആദിവാസി പുന രധിവാസ മിഷന് കൈമാറി പുനരധിവാസ പ്രവർത്തനം ത്വരിതപ്പെ ടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാനും രാഷ്ട്രീയ സമൂഹം തയ്യാറാകേണ്ടതാണ്.

കേരളത്തിലെ രാഷ്ട്രീയ സമവാക്യങ്ങൾ മാറിമറിയുന്ന ഈ തെരഞ്ഞെടുപ്പ് കാലയളവിൽ പാർശ്വവൽകൃതരുടെ പ്രക്ഷോഭം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com